**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1008** **14-01-2021 - ൽ മറുപടിയ്ക്ക്**

**വേങ്ങര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ .എൻ .എ. ഖാദർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിനു കീഴിലെ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കലും മറ്റ് അറ്റകുറ്റപ്പണികളും പൊതുമരാമത്ത് വകുപ്പിൽ നിന്നും അതുപോലെ കിഫ്ബി മുഖേന നിർവ്വഹിക്കപ്പെട്ട റോഡ്/പാലങ്ങളുടെ പ്രവൃത്തികളിൽ കിഫ്ബി അധികാരികളിൽ നിന്നും അനുമതി ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ ഈ പദ്ധതികളുടെ പൂർത്തീകരണം അനന്തമായി നീളുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും പൊതുമരാമത്തു വകുപ്പിൽനിന്ന് അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഡിഎൽപി ഉള്ള റോഡുകളിൽ അനുമതി ലഭിക്കുന്നില്ല. ഇതിനുവേണ്ടി സെക്യൂരിറ്റി തുക മുഴുവൻ അടവാക്കി റോഡിന്റെ മുഴുവൻ ഡിഫക്ട് ലയബിലിറ്റിയും വാട്ടർ അതോറിറ്റി ഏറ്റെടുക്കണമെന്നാണ് ആവശ്യപ്പെടാറുള്ളത്. വേങ്ങര മണ്ഡലത്തിലെ കണ്ണമംഗലം കുടിവെള്ളപദ്ധതിയിൽ ഈ കാരണം കൊണ്ടാണ് ജലവിതരണം തടസപ്പെട്ടിരിക്കുന്നത്. അതുപോലെതന്നെ അറ്റകുറ്റപ്പണികൾക്ക് വേണ്ടി റോഡ് മുറിക്കുന്നതിന് അനുമതി ലഭിക്കുന്നതിനും കാലതാമസം നേരിടുന്നുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി PWD ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ടെങ്കിലും ഇതിനുള്ള തുക ബഡ്ജറ്റിൽ വകയിരുത്താത്തതിനാൽ പെട്ടെന്ന് തുക അടക്കുവാൻ കഴിയാറില്ല. കൂടാതെ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ഫണ്ട് ലഭിക്കുവാൻ കാലതാമസം നേരിടുന്നത് മൂലം പ്രവൃത്തികൾ വൈകാറുണ്ടെങ്കിലും ചർച്ചകൾ നടത്തി പരിഹാരം കണ്ടെത്തി പ്രവൃത്തികളുമായി മുന്നോട്ട് പോകുന്നുണ്ട്. എന്നിരുന്നാലും കോട്ടയം സർക്കിളിനു കീഴിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്. സ്റ്റേറ്റ്പ്ലാൻ - എരുമേലി പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി, കരിങ്കല്ലുമുഴി ജലസംഭരണിയിൽ നിന്നുള്ള വിതരണ ശൃംഖല, നബാർഡ് :എരുമേലി പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി -ശുദ്ധീകരണ ശാലയിലെ ഉന്നതതല സംഭരണി പള്ളിക്കുന്ന് ടാങ്ക് എന്നിവയിൽനിന്നുള്ള വിതരണശൃംഖല , ആർ.കെ. |

ഐ :- എരുമേലി പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജലവിതരണപദ്ധതി-കനകപ്പലം ശുദ്ധീകരണ ശാലയിലെ സംഭരണി, നേർച്ചപ്പാറ,കരിങ്കല്ലുമൂഴി കനാകപ്പലം സംഭരണി എന്നിവയിൽ നിന്നുള്ള വിതരണശൃംഖല അയർകുന്നം ക്ലരോപ്പട, പഞ്ചായത്തിനു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി - പാമ്പാടി ഉന്നതതല സംഭരണിയിലേക്കുള്ള പമ്പിൻ മെയിൻ സ്ഥാപിക്കൽ , എൻ.ആർ.ഡി.ഡബ്ലിയു.പി :- ഏറ്റുമാനൂരും അനുബന്ധ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണപദ്ധതി, കിഫ്ബി 2017-18 :- ഏറ്റുമാനൂർ മുൻസിപ്പാലിറ്റിക്കു വേണ്ടിയുള്ള ശുദ്ധജല വിതരണപദ്ധതി.

ആലപ്പുഴ സർക്കിളിന്റെ കീഴിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് റോഡ് കട്ടിംഗ് അനുമതി ലഭിക്കേണ്ടതുണ്ട്. ആലപ്പുഴ കുടിവെള്ള പദ്ധതിയുടെ അമ്പലപ്പുഴ തിരുവല്ല റോഡിൽ കേടുപാടു സംഭവിച്ച 1524 മീ. പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിക്ക് റോഡ് മുറിക്കുന്നതിന് ഉത്തരവ് ലഭിച്ചെങ്കിലും റോഡ് റെസ്റ്റോറേഷൻ എസ്റ്റിമേറ്റ് വെറ്റ് ചെയ്യുത് കെ.ആർ എഫ്.ബി ചീഫ് എഞ്ചിനീയർ ഓഫീസിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പൈപ്പ് മാറ്റി ഇടുന്ന ജോലി ആരംഭിച്ചിട്ടില്ല. 13-ാം ധനകാര്യകമ്മീഷൻ ഭരണാനുമതി ലഭിച്ച കുട്ടനാട് കുടിവെള്ള പദ്ധതിക്ക് റോഡ് മുറിക്കുന്നതിന് അനുമതി ലഭിക്കാനുണ്ട്. സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി ലഭിച്ച നൂറനാട് പഞ്ചായത്ത് എടപ്പോൺ പാറ റോഡിൽ 6 കി.മീ. റോഡ് മുറിക്കുന്നതിന് അനുമതി ലഭിച്ചിട്ടില്ല. കൂടാതെ തീരവികസന വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരദേശറോഡിൽ റോഡ് കട്ടിംഗ് പെർമിഷൻ ലഭിക്കാത്തതിനാൽ പണികൾ പൂർ ത്തിയായിട്ടില്ല.

കൊച്ചി സർക്കിളിനു കീഴിൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് കാലതാമസം നേരിടുന്നുണ്ട്. 1) പട്ടിമറ്റം നെല്ലാട്, പട്ടിമറ്റം കിഴക്കമ്പലം, വളയൻ ചിറങ്ങര വെങ്ങോല റോഡുകളിലെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് വേണ്ടി പി.ഡബ്ല്യൂഡി., കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതിക്കായി ഡെപ്പോസിറ്റ് ചെയ്ത് വർക്കിൽ പി.ഡബ്ല്യൂഡി. നിർദ്ദേശിച്ച ഭാഗങ്ങളിൽ പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞു. എന്നാൽ രേഖാമൂലം അറിയിച്ചതനു സരിച്ച് 5.5 m വീതി കഴിഞ്ഞ് മാത്രമേ പൈപ്പുകൾ സ്ഥാപിക്കാവൂയെന്നും ഒരു കാരണവശാലും നിലവിലെ ടാർ പോർഷനിൽ പൈപ്പുകൾ സ്ഥാപിക്കരുതെന്നുമുള്ള കാരണത്താൽ വർക്കുകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല . ഇനി

| | | | |
|---|---|---|---|
| | | | പൈപ്പുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള അലൈൻമെന്റ് രേഖാമൂലം പി.ഡബ്ല്യൂ.ഡി. നൽകുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് പദ്ധതി പൂർത്തിയാക്കുന്നതാണ്. 2) WSS വരാപ്പുഴ സ്കീമിന് കിഫ്ബി ഫണ്ടിൽ നിന്ന് PWD റോഡ് റെസ്റ്റോറേഷൻ ചാർജ്ജായ 422.87 ലക്ഷം രൂപ PWD യിൽ ഒടുക്കേണ്ടതുണ്ട്. ഇത് കിഫ്ബി പദ്ധതിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വേങ്ങര നിയോജക മണ്ഡലത്തിൽ ഇത്തരത്തിൽ കാലതാമസം നേരിടുന്ന പ്രവൃത്തികൾ ഏവ; ഇവയുടെ നിലവിലെ സ്ഥിതി എപ്രകാരമാണ്; | (ബി) | വേങ്ങര മണ്ഡലത്തിലെ കണ്ണമംഗലം കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റപ്പണികൾക്കായി വേങ്ങര കുന്നിൻപുറം റോഡിലും ചിന്നമ്മപ്പടി കിളിനാക്കോട്ടു റോഡിലും അനുമതി ലഭ്യമാക്കാനുണ്ട് . കൂടാതെ ഒതുക്കുങ്ങൽ പുന്നമല കുടിവെള്ള പദ്ധതിയുടെ പമ്പിലെ മെയിനിൽ മുനമ്പം പള്ളിപ്പടിയിലെ അറ്റകുറ്റപ്പണി, പുത്തൂർ പാലത്തിന് ഇരുവശവും പൈപ്പ് ലൈൻ കണക്ട് ചെയ്യുന്ന പ്രവർത്തി, പൊന്മള പള്ളിപ്പടിയിലെ ഇന്റർകണക്ഷൻ പ്രവർത്തി എന്നിവയും പൊതുമരാമത്തു വകുപ്പിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്. |
| (സി) | ഇവ വേഗത്തിൽ പൂർത്തിയാക്കുന്നതിന് വേണ്ട ഇടപെടലുകൾ നടത്താമോ; വിശദമാക്കുമോ? | (സി) | ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ